കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018 -2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി9-793/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി, 12.01.2021

ഫോൺ – 0477 2252753

ഇ-മെയിൽ – doalp.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ എല്ലാ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി9-793/2020 തിയതി: 12.01.2021

.

.

## ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.07.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
| 23.11.2020 മുതൽ<br>30.11.2020 വരെ | ശ്രീമതി.രമാ രാജൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി.രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജാക്വലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.പ്രീത, ഓഡിറ്റർ |
| | ശ്രീമതി.ലേഖ.പി.കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എസ്.അജിത | 01.4.2018 മുതൽ 31.3.19 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ.ജയകുമാർ.എസ് | 01.04 2018 മുതൽ 07.08.2018 വരെ |
| ശ്രീമതി.ഹേമലത | 08.08.2018 മുതൽ 31.03.2019 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.കുക്കു ഉൻമേഷ് | 01.4.2018 മുതൽ 31.3.19 വരെ. |
| 2 | വികസനകാര്യം | ശ്രീമതി.സുനു ഉദയാലാൽ | 01.4.2018 മുതൽ 31.3.19 വരെ. |
| 3 | ക്ഷേമകാര്യം | ശ്രീ.നിധീഷ് സുരേന്ദ്രൻ | 01.4.2018 മുതൽ 31.3.19 വരെ. |
| 4 | ധനകാര്യം | ശ്രീ.അബ്ദുൾറഷീദ് | 01.4.2018 മുതൽ 31.3.19 വരെ. |

<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അജ്മി.എച്ച്. | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.അർച്ചന.എസ്.നായർ | 01.04.2018 മുതൽ 20.11.2018വരെ |
| | ഡോ.ബിനിൽ.ബി.ചന്ദ്രൻ | 21.11.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്വാഹിനി.എസ്.എസ്. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.നൂപുര | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പ്രീത.എച്ച്. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ.എ.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അപ്പൻ.വി.ആർ. | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി. എസ്.മംഗലം | ശ്രീമതി.ഉഷാകുമാരി.എം | 01.04.2018 മുതൽ 31.05.2018വരെ |
| | ശ്രീമതി.സജീദാ.എസ് | 01.06.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ജിനു അരവിന്ദ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അമ്പിളി ഭാസ്കർ | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി.സ്മിത | 01.07.2018 മുതൽ 21.09.2018 വരെ |
| | ശ്രീ.രാജീവ് കുമാർ (ഇൻചാർജ്ജ്) | 22.09.2018 മുതൽ 26.09.2018 വരെ |
| | കുമാരി.ഗീത.ബി.എൽ. | 27.09.2018 മുതൽ 18.01.2019 വരെ |
| | ശ്രീമതി.ശ്രുതി.എം. | 19.01.2019 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ലീന ഡെന്നീസ് | 01.04.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജയശ്രീ.ജെ.ബി. | 01.04.2018 മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതുഅവലോകനം |
| 2 | 1-12 | വസ്തുനികുതി ഫയലുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല |
| 3 | 1-13 | കെട്ടിടങ്ങൾക്ക് നമ്പർ നൽകൽ – തദ്ദേശ സ്ഥാപനത്തിന് വെല്ലുവിളിയാകുന്നു |
| 4 | 1-14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | 1-15 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ |
| 6 | 1-16 | വെള്ളക്കരം ഇനത്തിൽ വൻ കുടിശ്ശിക ബാദ്ധ്യത |
| 7 | 1-17 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും--ലഭ്യമാക്കിയ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. |
| 8 | 1-18 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ--വിതരണരേഖകൾ കൃത്യമല്ല |
| 9 | 1-19 | ഗ്രോബാഗ് വിതരണം--അപാകതകൾ |
| 10 | 1-20 | പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ (പരമ്പരാഗതം) പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 11 | 1-21 | പഞ്ചായത്തിലെ എൽ പി സ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകം, റാക്ക്/അലമാര വാങ്ങി നൽകൽ -കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിച്ചില്ല. |
| | | |

| | | |
|---|---|---|
| 12 | 1-22 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി -രേഖകൾ ഹാജരാക്കിയില്ല |
| 13 | 1-23 | സാക്ഷരതാ തുല്യതാ– ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. |
| 14 | 1-24 | എസ് എസ് എ വിഹിതം - അധികം നൽകിയ തുക ക്രമീകരിച്ചില്ല |
| 15 | 1-25 | സോളാർപാനൽ സ്ഥാപിക്കപ്പെട്ടിട്ടും പഞ്ചായത്ത് ഓഫീസ് വൈദ്യുതി ചാർജ്ജിനത്തിൽ തുക ചെലവഴിക്കുന്നു |
| 16 | 1-26 | സർക്കാർ ഉത്തരവിന് വിരുദ്ധമായി താൽക്കാലിക നിയമനം |
| 17 | 1-27 | ദുരിതാശ്വാസ നിധി -തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 18 | 1-28 | സാന്ത്വന പരിചരണ പദ്ധതി-അപാകതകൾ |
| 19 | 1-29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല. |
| 20 | 1-30 | ലൈഫ് ഭവനപദ്ധതി അവലോകനം |
| 21 | 1-31 | പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗരേഖകൾ ലഭ്യമല്ല |
| 22 | 1-32 | ഇ-ടെൻഡർ നടപടികൾ ടെൻഡർ ഫീസ് റീ ടെൻഡർ ഫീസ് തിരികെ ലഭിച്ചത് |
| 23 | 1-33 | കരാർ ലംഘനം-കരാറുകാർക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല |
| 24 | 1-34 | ജൈവ മാലിന്യ പ്ലാന്റുകൾ-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 25 | 3-1 | പഞ്ചായത്തിലെ എൽ.പി.സ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകം, റാക്ക്/അലമാര വാങ്ങി നൽകൽ-കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിച്ചില്ല |
| ഭാഗം 4 | | |
| 26 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 27 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 28 | അനുബന്ധം2 | ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 04.02.18 തീയതിയിലെ 1(1) --ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 368174005.69 | 352796400 |
| വാർഷിക കണക്ക് പ്രകാരം | 99465574 | 83521935 |

ബജറ്റും യഥാർത്ഥ വരവ്/ചെലവുകളും തമ്മിൽ യാതൊരു പൊരുത്തവുമില്ല. മുൻവർഷത്തെ വരവ് ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 10.04.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി-പി13-615/19/26.06.2019 തീയതി പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ-

വസ്തുനികുതി സാംഖ്യയിലേയും സഞ്ചയയിലേയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിക്കുന്നില്ല എന്നിവ – നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല.

1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 15242522 |
| വരവ് | 84223052 |
| ആകെ | 99465574 |
| ചെലവ് | 83521935 |
| നീക്കിയിരിപ്പ് | 15943639 |

1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | – | 25834405 | 25834405 | 25390474 | 443931 |
| എസ്.സി. പി | – | 2967000 | 2967000 | 1668510 | 1298490 |
| ടി.എസ്.പി | – | 82000 | 82000 | 0 | 82000 |
| സി.എഫ്. സി | | 12117000 | 12117000 | 8030996 | 4086004 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | – | 9217000 | 9217000 | 5717670 | 3499330 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | – | 5807000 | 5807000 | 5807000 | 0 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 203 | 127148446 | 123 | 61976845 | 19 | 61 | 60.59 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 64520 | 1728133 | 1792653 | 1792003 | 650 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 200273661 | 200273661 | 200273661 | |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 372960 | 183 |
| കർഷക തൊഴിലാളി പെൻഷൻ | 812400 | 69 |
| | | |

| | | |
|---|---|---|
| വിധവാ പെൻഷൻ | 12748000 | 1205 |
| വാർദ്ധക്യകാല പെൻഷൻ | 12171100 | 1543 |
| വികലാംഗ പെൻഷൻ | 5707600 | 489 |
| അവിവാഹിത പെൻഷൻ | 1121200 | 104 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 300000 | 10 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38079/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1 സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

5 പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിന്മേൽ മോണിറ്ററിംഗ് നടന്നതായി രേഖയില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.20 | 09/20 | ഇല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.16 | 2010-11മുതൽ 2014-15വരെ. | 31.03.2016. |

## 1-12 വസ്തുനികുതി ഫയലുകൾ-പൂർണ്ണമായി ലഭ്യമാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ അസ്സസ്സ് ചെയ്ത വാണിജ്യആവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.22/30.11.2020) 13 ഫയലുകൾ മാത്രമാണ് ഹാജരാക്കിയത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോം 6 പ്രകാരം വാണിജ്യആവശ്യത്തിനുള്ള 29 കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. എല്ലാ ഫയലുകളും ഹാജരാക്കാത്തതിന് വിശദീകരണം നല്കുന്നതോടൊപ്പം ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ISO സർട്ടിഫിക്കേഷൻ പ്രവൃത്തികളുടെ ഭാഗമായി റെക്കോഡ് റൂമിലേക്ക് ഫയലുകൾ മാറ്റിയപ്പോൾ സ്ഥാനം മാറിയിട്ടുണ്ടെന്നും ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. 2017-18 ലും ഇതേ അപാകത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും

ചട്ടങ്ങൾ- ചട്ടം 12(2) പ്രകാരം രേഖകളും ഫയലുകളും കൃത്യമായി സൂക്ഷിക്കാത്തതും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കാത്തതും ഗുരുതരമായ വീഴ്ചയായി കണ്ട് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-13 കെട്ടിടങ്ങൾക്ക് നമ്പർ നല്കൽ-തദ്ദേശ സ്ഥാപനത്തിന് വെല്ലുവിളിയാകുന്നു

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ച് കായലിനും കടലിനും ഇടയിലുള്ള സ്ഥലം ആകയാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ, തീരദേശ പരിപാലന നിയമം എന്നിവ അനുസരിച്ച് വാസഗൃഹം/വാണിജ്യാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും നിർമ്മാണ അനുമതി കൊടുക്കാൻ സാധിക്കുന്നില്ല. എന്നാൽ വാണിജ്യാവശ്യത്തിനുള്ള പല കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കിയ ശേഷം കെട്ടിടനമ്പർ ലഭിക്കുന്നതിനായി തദ്ദേശസ്ഥാപനത്തെ സമീപിക്കുമ്പോൾ ചട്ടങ്ങൾ പാലിച്ച് അനുമതി നൽകാൻ സാധിക്കാതെ വരികയും താത്ക്കാലിക നമ്പറോടെയും ലൈസൻസ് ഇല്ലാതെയും ഇവ പ്രവർത്തിക്കുകയും ചെയ്യുന്നു. യു.എ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 ൽ യു.എ നമ്പർ ഒരു കെട്ടിടത്തിനും നല്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 ൽ വാണിജ്യ ആവശ്യത്തിനുള്ള 29 കെട്ടിടങ്ങൾ അസ്സസ്സ് ചെയ്തിട്ടുണ്ട്. 99 കെട്ടിടങ്ങൾക്ക് ലൈസൻസും നല്കിയിട്ടുണ്ട്. ഇവയെല്ലാം CRZ നിയമം പാലിച്ചുള്ള നിർമ്മാണം ആണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം കെട്ടിട നമ്പർ/പെർമിറ്റ് നൽകാൻ സാധിക്കാത്ത കെട്ടിടങ്ങളുടെ തീർപ്പാക്കലിനായി 21.7.2019 ന് തദ്ദേശ സ്ഥാപനത്തിൽ അദാലത്ത് നടത്താൻ തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയതായി കണ്ടു. ഇതിന്റെ തുടർനടപടിയും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(എ) കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| മത്സ്യ തൊഴിലാളി സഹകരണ സംഘം, തറയിൽകടവ് | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| സപ്ലൈകോ മാവേലി സ്റ്റോർ, ആറാട്ടുപുഴ | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല. |
| എസ്.എസ്.വി.എം സെൻട്രൽ സ്കൂൾ, കനകക്കുന്ന് | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| ഗുരുദേവ ട്രസ്റ്റ്, ഇന്റർ നാഷണൽ സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |

നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) <u>സ്ഥാപന നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം. | സ്ഥാപനം |
|---|---|
| 1 | സപ്ലൈകോ മാവേലി സ്റ്റോർ, ആറാട്ടുപുഴ |
| 2 | SCB ആറാട്ടുപുഴ A/95 |
| | |

| | |
|---|---|
| 3 | മിനി മുത്തൂറ്റ് നിധി, ആറാട്ടുപുഴ |
| 4 | മത്സ്യ തൊഴിലാളി സഹകരണ സംഘം, തറയിൽകടവ് |
| 5 | കോർപ്പറേഷൻ ബാങ്ക്, ആറാട്ടുപുഴ |
| 6 | SCB 1746, പെരുമ്പള്ളി |
| 7 | നല്ലാണിക്കൽ SCB 2600 |
| 8 | കണ്ടപ്പുറം ക്ഷീരോൽപാദക സംഘം 58 |
| 9 | ആറാട്ടുപുഴ ക്ഷീരോൽപാദക സംഘം |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.7/27.11.20) മറുപടിയിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉള്ളതായി കാണുന്നു.

1. <u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല</u>

   ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാരസ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. <u>പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കണം</u>

31.10.2017 തീയതിയിലെ ജി.ഒ(പി) നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ട്രേഡ് ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു.

3. 1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം-149) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിവയുടെ വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/27.11.2020) ഈ സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

4. ചട്ടം 10 പ്രകാരം നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമാകണം. ഫയൽ പരിശോധിച്ചതിൽ നിലവിൽ ലൈസൻസ് പുതുക്കി വരുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും ഈ സമയ പരിധി പാലിക്കാതെ സാമ്പത്തിക വർഷത്തിനിടയിൽ പലപ്പോഴായാണ് ലൈസൻസ് എടുക്കുന്നത്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വെള്ളക്കരം ഇനത്തിൽ വൻ കുടിശ്ശിക ബാദ്ധ്യത

കേരള വാട്ടർ അതോറിറ്റിയുടെ നവംബർ 2020 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 133108971/- രൂപയായിരുന്നു. വാട്ടർ ചാർജ് കുടിശ്ശിക അടവാക്കൽ പദ്ധതിയിൽ–(s0013/19) ഉൾപ്പെടുത്തി ആസ്തി സംരക്ഷണ ഗ്രാന്റിൽ നിന്നും 32,60,000/- രൂപ (ബിൽ നം.15/18-19/31.12.18) വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ 2911243/- രൂപ സോഴ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. 937 ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയായി തദ്ദേശ സ്ഥാപനത്തിന് കോടികൾ ബാധ്യത ഉണ്ട്. തദ്ദേശ സ്ഥാപനവും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/24.11.2018) ഹാജരാക്കിയ മറുപടിയിൽ, 2018 ഒക്ടോബർ മാസം വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധന പ്രകാരമാണ് 937 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കി വരുന്നത് എന്ന് അറിയിക്കുകയുണ്ടായി. സംയുക്ത പരിശോധന നടത്തുന്നതിന് മുൻപ് ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾ ഉൾപ്പെടെ 1066 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ സ്ഥാപനം തുക നൽകിയിരുന്നു. ഇപ്രകാരം വെള്ളക്കരമിനത്തിൽ അധികമായി തുക നൽകിയത് ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വെള്ളക്കര കുടിശ്ശിക വർദ്ധനവിനെക്കുറിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായ പരാമർശങ്ങളുണ്ടെങ്കിലും ഉപയോഗിക്കുന്ന ജലത്തിനു മാത്രം തുക അടവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. ഓരോ മാസവും പിഴപ്പലിശ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. വെള്ളക്കരമിനത്തിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിക തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച് വലിയ ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. ആയതിനാൽ വാട്ടർ അതോറിറ്റി അധികൃതരെ സമീപിച്ച് പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഡിമാന്റ് ചെയ്യപ്പെടുന്നതെന്ന് ഉറപ്പാക്കി, അടയ്ക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, വെള്ളക്കരമിനത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും-ലഭ്യമാക്കിയ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും (S0193/19) പദ്ധതിയിൽ ക്രൂസിൽ നിന്നും 24 വാട്ടിന്റെ 773 ഓട്ടോമാറ്റിക് LED ലൈറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനായി (@2699+GST 12%) 24,73,600/-രൂപ ബിൽ നം.4/18-19/22.5.18 പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി (KREWS)ക്ക് അനുവദിച്ചിട്ടുണ്ട്.

2017-18 ൽ 1380 തെരുവ് വിളക്കുകളുടെ സൂപ്പർവിഷൻ ചാർജായി 27015/-രൂപ KSEB യിൽ അടച്ചിരുന്നു എങ്കിലും കെൽട്രോൺ, സൺ എനർജി സിസ്റ്റം-മാവേലിക്കര എന്നീ സ്ഥാപനങ്ങൾ 1191 LED ലൈറ്റുകൾ (1044+147) മാത്രമേ സ്ഥാപിച്ചിരുന്നുള്ളൂ. ആയതിനാൽ 773 എൽ.ഇ.ഡി ലൈറ്റുകൾ KREWS-ൽ നിന്നും വാങ്ങിയെങ്കിലും 2017-18 ൽ അധികമായി നല്കിയ 189 എണ്ണത്തിന്റെ കിഴിച്ച് 584 എണ്ണത്തിന്റെ സൂപ്പർവിഷൻ ചാർജിനത്തിൽ KSEB യ്ക്ക് 14353/- രൂപയും (ബിൽ നം.19/18-19/12.2.19) നല്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ 773 ലൈറ്റുകൾ KREWS സ്ഥാപിച്ചു നല്കിയതിന്റെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചില്ല. പൂർണ്ണമായി സ്ഥാപിച്ചു നല്കിയതായ KREWSന്റെ സാക്ഷ്യപത്രവും ഇല്ല.

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള KSEB അസിസ്റ്റന്റ് എഞ്ചിനീയർ ആറാട്ടുപുഴയുടെ 28.3.2019 ലെ കത്തിന് 11.4.19 ൽ സെക്രട്ടറി നല്കിയ എ2-1610/19 നമ്പർ മറുപടി കത്തിൽ 12W ന്റെ 1380 ഉം 20W 584ഉം എൽ.ഇ.ഡി ലൈറ്റുകൾ ഉൾപ്പെടെ ആകെ 1964 (1191+773) തെരുവ് വിളക്കുകൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച പദ്ധതിയിൽ 24 വാട്ടിന്റെ 773 എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് KREWS ന് തുക അനുവദിച്ചത്. (ഫയലിൽ ഇൻവോയിസ് മാത്രമാണ് ഉള്ളത്) സെക്രട്ടറിയുടെ മറുപടി കത്തിന്റെ അടിസ്ഥാനത്തിൽ 2018-19 ൽ വാങ്ങിയ 773 എൽ.ഇ.ഡി ലൈറ്റുകളിൽ 12Wന്റെ 189 ഉം 20W ന്റെ 584 എണ്ണവുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 3/19 ൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജിനത്തിൽ 9039/- രൂപയാണ് അടവാക്കുന്നത്.

KREWS വിതരണവും സ്ഥാപിക്കലും നടത്തിയത് എത്ര വാട്ടിന്റെ ലൈറ്റുകളാണെന്ന് ഉറപ്പ് വരുത്തുകയും അതിനനുസൃതമായ നിരക്കിലാണ് കറന്റ് ചാർജ്ജ് അടവുവരുത്തുന്നതെന്ന് ഓഡിറ്റിൽ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. 12W, 20W ലൈറ്റുകളാണ് പ്രസ്തുത സ്ഥാപനം വിതരണം ചെയ്ത് സ്ഥാപിച്ചതെങ്കിൽ അധികം തുക നല്കിയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-18 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-വിതരണരേഖകൾ കൃത്യമല്ല

1. <u>ഇടവിളകൃഷി വികസനം (ജനറൽ)</u>- S0019/19 പദ്ധതിയിൽ ഒരു കിറ്റിന് @1000/- രൂപ പ്രകാരം 220 കിറ്റിന് ആകെ 2,20,000/-രൂപ (ബിൽ നം.11/18-19/29.11.18) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അനുവദിച്ചു. വിതരണരജിസ്റ്റർ പരിശോധിച്ചതിൽ 190 ഗുണഭോക്താക്കൾ മാത്രമാണ് കിറ്റ് കൈപ്പറ്റിയിട്ടുള്ളത് എന്ന് കാണുന്നു. ബാക്കി 30 കിറ്റ് സംബന്ധിച്ചുള്ള വിതരണരേഖകളുടെ അഭാവത്തിൽ 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2. <u>ഇടവിളകൃഷി വികസനം (എസ്.സി)</u> --S0062/19 പദ്ധതിയിൽ ഒരു ഇടവിള കിറ്റിന് @2000/- രൂപ പ്രകാരം 50 കിറ്റിന് 1,00,000/-രൂപ (ബിൽ നം.24/18-19/22.3.19) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അനുവദിച്ചു. വിതരണ രജിസ്റ്റർ പ്രകാരം 44 ഗുണഭോക്താക്കൾക്ക് മാത്രമേ കിറ്റ് നല്കിയിട്ടുള്ളൂ. ശേഷിക്കുന്ന 6 കിറ്റിന്റെ വിതരണരേഖകളുടെ അഭാവത്തിൽ 12000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3. <u>ഇടവിളകൃഷി വികസനം (വനിത)</u> -S0020/19 പദ്ധതിയിൽ ഒരു ഇടവിള കിറ്റിന് @2000/- രൂപ പ്രകാരം 300 കിറ്റിന് ആകെ 6,00,000/- രൂപ അഗ്രോ ഇൻഡസ്ട്രീസിന് അനുവദിച്ചിട്ടുണ്ട്. വിതരണരേഖകൾ പ്രകാരം 275 ഗുണഭോക്താക്കൾ മാത്രമാണ് കിറ്റ് കൈപ്പറ്റിയിട്ടുള്ളത്. ബാക്കി 25 കിറ്റിന്റെ വിതരണരേഖകളുടെ അഭാവത്തിൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം-600000/-ബിൽ നം.10/18-19/29.11.18
വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

4. <u>കുറ്റിക്കുരുമുളക് തൈ വിതരണം</u> – S0023/19 പദ്ധതിയിൽ 881 ഗുണഭോക്താക്കൾക്ക് 5 എണ്ണം വീതം ആകെ 4405 കുറ്റിക്കുരുമുളക് തൈകൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വികസനഫണ്ട് 440500/-രൂപ (@100/-)ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. എന്നാൽ 592 ഗുണഭോക്താക്കൾക്ക് 5 തൈ വീതം 2960 തൈ മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. 289 ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 144500/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ചെലവ് വിവരം

325000/-ബിൽ നം.5/18-19/23.10.18

115500/- ബിൽ നം.21/18-19/19.3.19

## 1-19 ഗ്രോബാഗ്/മൺചട്ടി വിതരണം-അപാകതകൾ

1. ഗ്രോബാഗ്/മൺചട്ടിയിൽ പച്ചക്കറിക്കൃഷി വികസനം-വനിത) (So204/19) പദ്ധതിയിൽ അഗ്രോസർവീസ് മുതുകുളം എന്ന സ്ഥാപനത്തിലെ രണ്ട് ബില്ലുകൾ പ്രകാരം ആകെ 222 യൂണിറ്റിന് (ഒരാൾക്ക് 25 എണ്ണം പ്രകാരം പച്ചക്കറി വിത്ത് നിറച്ച 5550 മൺചട്ടികൾ @80/-) 75% സബ്സിഡി തുക 3,33,000/-രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 222 ഗുണഭോക്താക്കൾ മൺചട്ടികൾ കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിച്ച രസീത്, കളക്ഷൻ രജിസ്റ്റർ എന്നിവ പ്രകാരം 145 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം 500/-രൂപ പ്രകാരം 72500/-രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളൂ എന്ന് കാണുന്നു. 77 ഗുണഭോക്താക്കളിൽ നിന്നും 500/- രൂപ വീതം 38500/- രൂപ ഗുണഭോക്തൃവിഹിതമായി പിരിക്കേണ്ടതാണെങ്കിലും ആയത് പിരിച്ചതിന്റെ

വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മാത്രമല്ല സ്ഥാപനത്തിന് വികസനഫണ്ട് തുക ഒഴികെ ബാക്കി തുക നല്കിയതിന്റെ രേഖകളും ഫയലിൽ കാണുന്നില്ല.

ചെലവ് വിവരം-

2,25,000/- ബിൽ നം.7/18-19/24.11.18

108000/- ബിൽ നം.23/18-19/22.3.19

2. ഗ്രോബാഗ്-സ്പിൽഓവർ-(S00130/19) പദ്ധതിയിൽ അഗ്രോസർവീസിന്റെ രണ്ട് ബില്ലുകൾ പ്രകാരം 122 യൂണിറ്റിന് (3050എണ്ണം) വികസനഫണ്ട് 183000/-ബിൽ നം.1/18-19/27.9.18 അനുസരിച്ച് 75% സബ്സിഡി തുകയായി ചെലവഴിച്ചിട്ടുണ്ട്. 28 യൂണിറ്റിന്(700 എണ്ണം) സബ്സിഡി തുക 42000/- ബിൽ മാറാൻ നല്കിയെങ്കിലും ക്യൂ ബിൽ ആയി. ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ സ്പിൽഓവർ പദ്ധതിയുടെ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ഗുണഭോക്തൃവിഹിതം രജിസ്റ്ററിൽ 28 യൂണിറ്റിന് @600 രൂപ പ്രകാരം 16800/- രൂപ പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി കാണുന്നുണ്ട്. 122 യൂണിറ്റിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഗ്രോബാഗിനൊപ്പം വളവും ബില്ല് പ്രകാരം വാങ്ങിയിട്ടുണ്ടെങ്കിലും സബ്സിഡി തുക ചെലവഴിച്ചിട്ടില്ല. വളത്തിന്റെ വിലയും ചേർത്ത് 600/- പ്രകാരം ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയതായാണ് വ്യക്തമാകുന്നത്. രേഖകൾ കൃത്യവും ക്രമപ്രകാരവും സൂക്ഷിക്കുന്നതിൽ അപാകതകൾ ഉണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (19/30.11.2020) ഒരു രജിസ്റ്റർ കൂടി ലഭ്യമാക്കാനുണ്ടെന്നും 2018-19 ലെ കൃഷി ഓഫീസർ ഇലക്ഷന്റെ ചാർജിൽ ആയതിനാൽ സാവകാശം ലഭിച്ചില്ലെന്നും പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും നിലവിലെ കൃഷിഓഫീസർ മറുപടി ലഭ്യമാക്കി. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവുതുക 330000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പ്ലൈവുഡ് വള്ളങ്ങൾക്ക് വല നൽകൽ (പരമ്പരാഗതം) പദ്ധതി നിർവഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,

പ്രോജക്ട് നം.95/19

അടങ്കൽ 7,50,000 (വികസനഫണ്ട്), 7,50,000 (മറ്റുള്ളവ)

<u>ചെലവ്</u>

3,25,000/- (1/18-19/17.12.18)

1,25,000/- (2/18-19/28.3.19)

4,50,000/- (ഗുണഭോക്തൃ വിഹിതം)

പത്ത് മീറ്റർ OAL (Overall length) അധികരിക്കാത്ത FRP/മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ വല മാറ്റി പുതിയത് വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. യൂണിറ്റ് വിലയുടെ 50% പരമാവധി 25,000 രൂപയാണ് അനുവദനീയമായ സബ്സിഡി. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടച്ച് മത്സ്യഫെഡിൽ നിന്നും ആണ് വല വാങ്ങിയത്. അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. വലയുടെ വിതരണ രേഖകൾ ലഭ്യമല്ല :- വല വാങ്ങുമ്പോൾ മത്സ്യഫെഡിൽ നിന്നും നൽകുന്ന ഇൻവോയിസുകളാണ് വിതരണരേഖക്ക് പകരമായി സൂക്ഷിക്കുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചത്. ഫയലിൽ സൂക്ഷിച്ച ഇൻവോയിസുകളിൽ ഇരട്ടിപ്പുള്ളതായി (ഉദാ:-ശ്രീ.അജിത്ത്,കുപ്പയിൽ, അബ്ദുൾ ലത്തീഫ്, പഴയകണ്ടശ്ശേരിൽ) നിർവഹണ ഉദ്യോഗസ്ഥ തന്നെ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇൻവോയിസുകൾ വിതരണരേഖകൾക്ക് പകരമുള്ള ആധികാരിക രേഖ ആകുന്നില്ല. ആയതിനാൽ വലകൾ കൈപ്പറ്റിയതായുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത്/ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.ഫയൽ പരിശോധിച്ചതിൽ വള്ളത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഷിബു.ജെ, വെട്ടുപറമ്പിൽ (15 mtr),അബ്ദുൾ ലത്തീഫ്, പഴയകണ്ടങ്കേരിൽ (13.86mtr) എന്നിവരുടെ ഉടമസ്ഥതയിലുള്ള വള്ളങ്ങളുടെ ആകെ നീളം പത്ത് മീറ്ററിൽ കൂടുതലാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വള്ളങ്ങളുടെ അളവ് കൃത്യമല്ലെന്നും

നിർവഹണ ഉദ്യോഗസ്ഥ സ്വയം അളന്ന് ആകെ നീളം പത്ത് മീറ്ററിൽ കുറവാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ രണ്ട് ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 50,000/- രൂപ തടസ്സപ്പെടുത്തുന്നു. അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/24.11.2020)

## 1-21 പഞ്ചായത്തിലെ എൽ പി സ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകം, റാക്ക്/അലമാര വാങ്ങി നൽകൽ -കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിച്ചില്ല

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ്

പ്രോജക്റ്റ് നം 53/18-19

അടങ്കൽ 1,75,000/- (വികസനഫണ്ട്)

<u>ചെലവ്</u>

1,00,000/- (ബിൽ നം.4/18-19/15.2.19)

73,750/- (ബിൽ നം.8/18-19/13.3.19)

പദ്ധതിയുടെ ഭാഗമായി അഞ്ച് സ്കൂളുകൾക്ക് സ്റ്റീൽ അലമാരകളും പുസ്തകങ്ങളും വാങ്ങി നൽകി. കേരളാസ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾക്കായി 1,00,000/- രൂപയും പതിനെട്ട് ഗേജിന്റെ ഗ്ലാസ്സ് ഡോർ അലമാരക്കായി 73,750/- രൂപയും ചെലവഴിച്ചു. രേഖകളുടെ അഭാവത്തിൽ സ്കൂളുകൾക്കായി വാങ്ങാനുദ്ദേശിച്ച ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ സഹിതമാണോ ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമല്ല. കുറഞ്ഞ നിരക്കെന്ന് രേഖപ്പെടുത്തി അനിയൻസ് സ്റ്റീൽ, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് (27.2.19ലെ 1(3)നം തീരുമാനം) വാങ്ങൽ നടത്തിയത്. പങ്കെടുത്ത സ്ഥാപനങ്ങൾ പതിനെട്ട് ഗേജിന്റെ അഞ്ചു തട്ടുള്ള ഗ്ലാസ്സ് ഡോർ അലമാരക്കായി സമർപ്പിച്ച ടെൻഡറുകളിലെ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | നിരക്ക് |
|---|---|---|
| 1. | അനിയൻസ് സ്റ്റീൽസ് | 14750<br>(ജി.എസ്.റ്റി ഉൾപ്പെടെ) |
| 2. | ശബരി സ്റ്റീൽസ് | 9487 |
| 3. | അഖിലേശ്വരി സ്റ്റീൽസ് | 15,000/- |

ജി എസ് റ്റി ഉൾപ്പെടെയാണോ ക്രമ നം.2 ലെ സ്ഥാപനം നിരക്ക് രേഖപ്പെടുത്തിയത് എന്നതിൽ വ്യക്തതയില്ല. ജി എസ് റ്റി (18%) കൂടി ഉൾപ്പെടുത്തിയാലും സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം ആകെ വില 55973/- രൂപയാണ്. വാങ്ങിയ ഫർണ്ണീച്ചറുകളുടെ ഗുണനിലവാരം പർച്ചേസ് കമ്മിറ്റി വിലയിരുത്തിയതിന്റെ രേഖകൾ (പർച്ചേസ് കമ്മിറ്റി മിനട്സ്) ഓഡിറ്റിൽ ഹാജരാക്കിയില്ല. ക്രമ നം.1 സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ചുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലും സ്ഥാപനം നൽകുന്ന ഫർണ്ണീച്ചറുകളുടെ ഗുണനിലവാരത്തെ കുറിച്ച് പരാമർശിച്ചിട്ടില്ല. പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം അനിയൻസ് സ്റ്റീൽ, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിക്കാതെയുള്ള വാങ്ങലിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/27.11.2020) മറുപടി ലഭിച്ചില്ല. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ അംഗീകരിക്കാത്തതുമൂലം അധികം ചെലവഴിച്ച 17,777/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടുക 27.2.19 ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

| 27.2.19 ലെ കമ്മിറ്റി അംഗങ്ങൾ | വാർഡ് നം. |
|---|---|
| ശ്രീ.വിദ്യാധരൻ | 1 |
| ശ്രീമതി.ശ്രീജാരാമകൃഷ്ണൻ | 3 |
| ശ്രീമതി.അജിത.എസ് | 5 |
| | |

| | |
|---|---|
| ശ്രീമതി. കുക്കു ഉൻമേഷ് | 7 |
| ശ്രീമതി.റാണി ജയൻ | 8 |
| ശ്രീ. നിധീഷ് സുരേന്ദ്രൻ | 9 |
| ശ്രീ.ശ്യംകുമാർ.എസ് | 10 |
| ശ്രീ. സദാശിവൻ. എസ്. | 11 |
| ശ്രീമതി. രത്നമ്മ. | 12 |
| ശ്രീ.സുമേഷ്.യു. | 13 |
| ശ്രീ.സുനു | 14 |
| ശ്രീ. അബ്ദുൾ റഷീദ്.കെ.വൈ | 17 |

1-22 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി -രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S0254/19

അടങ്കൽ – 80,000/- (വികസന ഫണ്ട്)

<u>ചെലവ്</u>

ബിൽ നം - 19/18-19/19.03.19, 43000/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അന്ധവിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ ടോക്കിംഗ് ലാപ്ടോപ്പ് വിതരണം പദ്ധതിയിൽ ബിരുദ വിദ്യാർത്ഥിയായ സിയാദ്, കൊച്ചുപണ്ടകശാലതെക്കിൽ എന്ന ഗുണഭോക്താവിന് നെറ്റ് വേ സൊല്യൂഷൻസ്, കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും 43000/- രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

1)ബിരുദ വിദ്യാർത്ഥിയാണെന്നുള്ള സർട്ടിഫിക്കറ്റ്
2)റേഷൻ കാർഡിന്റെ കോപ്പി
3)വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 17/30.11.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 സാക്ഷരതാ തുല്യത – ചെലവ് രേഖകൾ ഹാജരാക്കിയില്ല

എ) <u>പത്താംതരം, പതിനൊന്നാംതരം തുല്യത</u>

പ്രോജക്ട് നം. 46/18-19

അടങ്കൽ - 3,12,500/- (വികസന ഫണ്ട്)

ചെലവ് :-

30550/- - ബിൽ നം. 5/18-19/27.2.19

1,10,000 /- - ബിൽ നം. 6/18-19/15.3.19

പത്താംതരം തുല്യതക്കായി ഒരു പഠിതാവിന് 2350/- രൂപ നിരക്കിൽ പതിമൂന്ന് പേർക്കായി 30550 രൂപയും പതിനൊന്നാം തരം തുല്യതക്കായി ഒരു പഠിതാവിന് 2500/- രൂപ നിരക്കിൽ നാൽപത്തിനാല് പേർക്കായി 1,10,000 രൂപയും സാക്ഷരതാമിഷനിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾക്ക് തുക നിശ്ചയിച്ചത് എപ്രകാരം (കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവയുടെ നിരക്ക്) എന്നതിന്റെ വിശദാംശവും നൽകിയില്ല.

ബി) <u>പന്ത്രണ്ടാം തരം തുല്യത</u>

അടങ്കൽ - 97,500/- (വികസന ഫണ്ട്)

പ്രോജക്ട് നം47/18-19

39,000/- ബിൽ നം 7/18-19/27.2.19

പന്ത്രണ്ടാംതരം തുല്യതക്കായി ഒരു പഠിതാവിന് 1950/- രൂപ നിരക്കിൽ ഇരുപത് പേർക്കായി 39,000 രൂപ സാക്ഷരതാമിഷനിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾക്ക് തുക നിശ്ചയിച്ചത് എപ്രകാരം (കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവയുടെ നിരക്ക് ) എന്നതിന്റെ വിശദാംശവും നൽകിയില്ല.

വിനിയോഗരേഖകളുടെ അഭാവത്തിൽ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ച 1,79,550/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/27.11.2020) മറുപടി ലഭിച്ചില്ല.

## 1-24 എസ് എസ് എ വിഹിതം - അധികം നൽകിയ തുക ക്രമീകരിച്ചില്ല

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ്

പ്രോജക്ട് നം.43/19

വികസനഫണ്ട് - 9,77,112/-

ബിൽ നം. 2/18-19/26.9.18

പഞ്ചായത്ത് എഡ്യൂക്കേഷൻ പ്ലാൻ 2018-19 പ്രകാരം എസ് എസ് എ പദ്ധതിക്കായി കണക്കാക്കിയ ആകെ തുക 24,42,780/- രൂപയാണ്. ഈ തുകയുടെ 40% ആയ 9,77,112/- രൂപ എസ് എസ് എ വിഹിതമായി സാക്ഷരതാമിഷൻ ജില്ലാ പ്രോജക്ട് ഓഫീസർ പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രത്തിൽ (SSA 1/13(4)/2018-19/27.4.19) 11,79,384/- രൂപയുടെ പ്ലാൻഫണ്ട് വിഹിതമായ 40%, 9,77,112/- രൂപ വിനിയോഗിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ എസ് എസ് എ പ്രോജക്ടിലൂടെ നടപ്പാക്കിയ പദ്ധതികളുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാൻ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല. വിനിയോഗ സാക്ഷ്യപത്ര പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 11,79,384/- രൂപയാകയാൽ അതിന്റെ 40% ആയ 4,71,754/- രൂപയായിരുന്നു ഗ്രാമപഞ്ചായത്ത് നല്കേണ്ടിയിരുന്നത്. അധികം തുക (5,05,358/- രൂപ) നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

നൽകിയ 9,77,112/- രൂപ പൂർണ്ണമായും വിനിയോഗിച്ചുവെന്ന് രേഖപ്പെടുത്തിയ ഒറ്റവരി വിനിയോഗസാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. തുക പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലേക്ക് എന്തെല്ലാം സൌകര്യങ്ങൾ ലഭ്യമാക്കാനായി വിനിയോഗിച്ചു എന്നതിന്റെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/27.11.2020) മറുപടി നൽകിയില്ല. അപാകതയിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 സോളാർപാനൽ സ്ഥാപിക്കപ്പെട്ടിട്ടും പഞ്ചായത്ത് ഓഫീസ് വൈദ്യുതി ചാർജ്ജിനത്തിൽ തുക ചെലവഴിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓഫീസിലെ വൈദ്യുതി ചാർജിനത്തിൽ 2018-19 വർഷം 41100/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വൈദ്യുതി ഉപയോഗത്തിനായി സോളാർ പാനൽ 2013-14 വർഷം വികസന ഫണ്ടിൽ നിന്നും 6,00,000/- രൂപ വകയിരുത്തി ആവിഷ്കരിച്ച (പ്രോ. നം.എസ്സ്.ഒ.112/14.) നടപ്പിലാക്കിയിട്ടും വൈദ്യുതി ചാർജ്ജ് ഇനത്തിൽ തുക ചെലവഴിക്കപ്പെടുന്നു. സോളാർ പാനൽ സ്ഥാപിക്കുന്നതിനായി അത്യധികം സാങ്കേതികതയുള്ള സംവിധാനങ്ങൾ വാങ്ങണമെന്നിരിക്കെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്താതെയും ആവശ്യമായ സ്പെസിഫിക്കേഷൻ പറയാതെയും ടെണ്ടർ ക്ഷണിക്കുകയാണ് ഉണ്ടായത്. പരമ്പരാഗത ഊർജ്ജ സംരക്ഷണ വിനിയോഗ മേഖലയിൽ പ്രാമുഖ്യമുള്ളതും സർക്കാർ ഏജൻസിയുമായ അനെർട്ടിന്റെ അഭിപ്രായം നിരാകരിച്ചും നടപടിക്രമങ്ങൾ പാലിക്കാതെയും വികസന ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച സൗരോർജ്ജ പാനൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലായെന്ന് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി 2014-15 വർഷ ഓഡിറ്റ് റിപ്പോർട്ടിലുണ്ട്. ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഈ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രതീക്ഷിച്ച വൈദ്യുതി ലഭ്യമാകാത്തതിനാൽ സോളാർ പാനലിന്റെ പ്രവർത്തന ക്ഷമത വിലയിരുത്തി നിശ്ചിത യൂണിറ്റ് വൈദ്യുതോല്പാദനം

ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-26 സർക്കാർ ഉത്തരവിന് വിരുദ്ധമായി താൽക്കാലിക നിയമനം

1997ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടം-8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014ലെ 25941/ ജി-2/2013 സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ചട്ട പ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി. വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ സർക്കാർ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശമുണ്ട്.

എന്നാൽ പഞ്ചായത്ത് എൽ.എസ്.ജി.ഡി. സെക്ഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലറിക്കൽ ജോലികൾക്കായി നിസാമുദീൻ എന്നയാളെ നിയമിച്ചിരുന്നു. തുടർന്ന് 30.11.18 ൽ പഞ്ചായത്ത് കമ്മിറ്റി പുതിയ ആളിനെ ലഭിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കത്ത് നൽകുന്നതിനും പുതിയ ആൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നിസാമുദ്ദീനെ പിരിച്ചുവിടാനായി തീരുമാനിക്കുകയും ചെയ്തു.ഈ വിഷയത്തിൻ മേൽ സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട എൻക്വയറിക്ക് (നം. 1/27.11.2020) ഹാജരാക്കിയ മറുപടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പ്രസ്തുത ഒഴിവിലേക്ക് ആളെ നിയമിച്ചതായി അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്. ഭരണവകുപ്പിന്റെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-27 ദുരിതാശ്വാസ നിധി -തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടച്ച പണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|
| 1 | 1221815 | 21800443/15.09.18 |
| 2 | 121010 | 21800580/31.10.18 |
| 3 | 14898 | 21800648/19.11.18 |
| 4 | 19025 | 21800826/15.1.19 |
| 5 | 19025 | 21800953/26.2.19 |

ഒടുക്കിയ തുകയുടെ ആധികാരികത മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള രേഖകൾ വൗച്ചറിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. പ്രസ്തുത തുകകൾ അടച്ചതിന്റെ രസീത് ദുരിതാശ്വാസ നിധിയുടെ പോർട്ടലിൽ നിന്നും നാളിതുവരെ ഡൗൺലോഡ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് മറുപടിനൽകേണ്ടതും തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-28 സാന്ത്വന പരിചരണ പദ്ധതി-അപാകതകൾ

പ്രോജക്ട് നം - S0016/19

പ്രോജക്ടിന്റെ പേര് - സാന്ത്വന പരിചരണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വികസനഫണ്ട് (പൊതുവിഭാഗം) - 500000/-

ചെലവ്-438985/-

<u>ചെലവ് വിവരം</u>

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 1/18-19/30.6.18 | 32220/- |
| 2 | 2/18-19/30.6.18. | 31450/- |
| 3 | 3/18-19/28.7.18 | 31965/- |
| 4 | 4/18-19/23.8.18 | 31370/- |
| 5 | 5/18-19/18.9.18 | 30990/- |
| 6 | 6/18-19/18.10.18 | 30750/- |
| 7 | 7/18-19/18.10.18 | 60000/- |
| 8 | 9/18-19/22.11.18 | 31280/- |
| 9 | 10/18-19/22.12.18 | 32780/- |
| 10 | 11/18-19/14.2.19 | 31040/- |
| 11 | 12/18-19/14.3.19 | 32430 |
| 12 | 13/18-19/23.3.19 | 62710/- |
| | ആകെ | 438985/- |

മേൽ പ്രോജക്ട് പ്രകാരം ക്രമ നം. 10, 11, 12 (ബിൽ തുക യഥാക്രമം 31040/-,32430/-,62710/-)ചെലവ് തുകയുടെ അനുബന്ധ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/27.11.20) മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 126180/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു കൂടാതെ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/ത.സ്വ.ഭ.വ. തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.
2. പാലിയേറ്റീവ് പരിചരണത്തിന് ഉപയോഗിക്കുന്ന വാഹനം സംബന്ധിച്ച് ക്ഷണിച്ച ക്വട്ടേഷൻ, തീരുമാനം എന്നിവ ഫയലിൽ ലഭ്യമായില്ല.

അപാകതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 ലെ ആക്ഷൻപ്ലാൻ, നടപ്പാക്കിയ പ്രവൃത്തികൾ എന്നിവയുടെ പരിശോധനയിൽ സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന ഒരു പ്രവൃത്തിയും നടപ്പാക്കിയിട്ടില്ല എന്ന് വ്യക്തമായി. തീറ്റപ്പുൽക്കൃഷി, വെള്ളപ്പൊക്ക നിവാരണം എന്നീ പ്രവൃത്തികളാണ് എല്ലാ വാർഡുകളിലും നടപ്പാക്കിയത്. ഇവ നടപ്പാക്കുന്നതോടൊപ്പം ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന മെറ്റീരിയൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്. 2019-20 ൽ ഇത്തരം ഏതാനും പ്രവൃത്തികൾ നടപ്പാക്കിയതായി അക്രഡിറ്റഡ് എഞ്ചിനീയർ അറിയിച്ചു.

2018-19 ൽ നടപ്പാക്കിയ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കൽ പ്രവൃത്തിയും ഒന്നോ രണ്ടോ വാർഡുകളിൽ മാത്രം നടപ്പാക്കി അവസാനിപ്പിച്ചു. 2018-19 ൽ 6309 കുടുംബങ്ങളിലെ 7100 ഗുണഭോക്താക്കൾക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 4527 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതും പ്രകൃതി സൗഹാർദ്ദവുമായ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവനപദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി 1-ാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 983360/- രൂപ ചെലവഴിച്ച് 6 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി 2-ാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ജനറൽ വിഭാഗത്തിൽ ആകെ 2.68 കോടി രൂപ തൻവർഷം വകയിരുത്തിയതിൽ 93,40,000/- രൂപ ചെലവഴിച്ച് 43 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം 800000/- രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നെങ്കിലും ഗുണഭോക്താക്കളില്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റേജ് | നൽകിയ തുക |
|---|---|---|---|
| 1 | ശ്രീദേവി, കാട്ടുപുരയിടം | നിർമ്മാണം തുടങ്ങിയില്ല | 40,000/- രൂപ 31.1.2019 ൽ കൈപ്പറ്റി |
| 2 | ഗീത ജയേഷ്, കൊട്ടുവക്കാട്ടിൽ | അടിത്തറ ഘട്ടം | 2,00,000 |
| 3 | ശ്രീദേവി, തണ്ടാശ്ശേരിൽ | അടിത്തറ ഘട്ടം | 2,00,000 |
| 4 | പ്രസന്ന പണ്ടാലകുന്നേൽ | ലിന്റിൽ | 3,00,000 |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം തുടങ്ങാത്തവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതും നിർമ്മാണം സ്തംഭനാവസ്ഥയിലുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതുമാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയിതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് (ജനറൽ)

<u>2018-19</u>

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 485781 | 480000 | 5781 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 | 1000000 | 0 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 6370685 | 6370685 | 0 |
| ഹഡ്കോ വായ്പ | 1489315 | 1489315 | 0 |
| ആകെ | 9345781 | 9340000 | 5781 |

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ :- വെറ്ററിനറി സർജൻ

പ്രോജക്റ്റ് നം. 41/19

വികസനഫണ്ട് - 3,12,500/-

ബിൽ നം 11/18-19/28.13.19

ഇരുപത്തിയഞ്ച് ഗുണഭോക്താക്കളുടെ സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള സബ്സിഡിയായ 3,12,500/- രൂപ (25*12500) ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം പേരിൽ നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, പദ്ധതിക്കായി തെരഞ്ഞെടുത്ത സൊസൈറ്റികളുടെ വിവരം, നിർവഹണത്തിന്റെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.11.2020), കണ്ടപ്പുറം സൊസൈറ്റി മുഖേന കാലിത്തീറ്റ വിതരണം ചെയ്തതായുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. സൊസൈറ്റിയുടെ വിതരണ രജിസ്റ്റർ, കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തിന്റെയും വിതരണ രേഖകളുടെയും അഭാവത്തിൽ ചെലവഴിച്ച 3,12,500/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിതരണ വിവരങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടർ നടപടികൾ-ടെണ്ടർ ഫീസ്,റീടെണ്ടർ ഫീസ് തിരികെ ലഭിച്ചത്

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ്, റീടെണ്ടർ ഫീസ് ഇനത്തിൽ LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച തുകയുടെ വിവരവും തുക ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/30.11.2020) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. തുക തിരികെ ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 കരാർ ലംഘനം-കരാറുകാർക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 24-09-2018 തീയതിയിലെ തീരുമാനത്തിൽ (നം:4) 2017-2018 വർഷം കരാർ ഏറ്റെടുക്കുകയും എഗ്രിമെന്റ് വെയ്ക്കുകയും കാലാവധി തീർന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത ശ്രീ.അനിൽ കുമാർ അനിൽ നിവാസ്, ശ്രീ.ഗോപാലകൃഷ്ണപിള്ള, ശ്രീ.സദാശിവൻ എന്നിവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും അവരുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ശ്രീ.അനിൽകുമാറിനെ 31-10-2018 തീയതിയിലെ 17 (3) നംപർ തീരുമാന പ്രകാരം കരിമ്പട്ടികയിൽ ഉൾപെടുത്തിയിട്ടുണ്ട്. കരാറുകാർ നടപ്പാക്കാതിരുന്ന പ്രസ്തുത പ്രവൃത്തികൾക്ക് 170443/- രൂപ അധികം വേണമെന്ന് 30-11-2018 തീയതിയിലെ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (നം: 1 (2)). 11-01-2019 തീയതിയിൽ ശ്രീ.അനിൽ കുമാറിൽ നിന്നും 70000/-രൂപ ഈടാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ കമ്മറ്റി ചുമതലപ്പെടുത്തുകയും ചെയ്തു (തീരുമാനം നം. 24(1)). ടി കരാറുകാർ എഗ്രിമെന്റ് വെച്ച് നടപ്പാക്കാതെ/പൂർത്തീകരിക്കാതെ പോയ പ്രവൃത്തികളുടെ വിശദവിവരം, തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം, കരാറുകാരിൽ ഒരാളെ മാത്രം കരിമ്പട്ടികയിൽ ഉൾപെടുത്തിയെങ്കിലും മറ്റ് രണ്ടുപേരെ ഒഴിവാക്കാനുണ്ടായ സാഹചര്യം, ടിയാളുകളിൽ നിന്നും ഈടാക്കിയിരുന്ന EMD/SD തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് കണ്ടുകെട്ടിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 15/30.11.2020) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. കരാർ ലംഘനം നടത്തി ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കിയവർക്കെതിരെ കമ്മറ്റി തീരുമാനം അനുസരിച്ച് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ജൈവ മാലിന്യ പ്ലാന്റുകൾ-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ പൊതു സ്ഥാപനങ്ങളിൽ തുമ്പൂർമൂഴി മോഡൽ ജൈവ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), പാലക്കാടിന് പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന ശുചിത്വ മിഷൻ തുകയുടെ 50% അഡ്വാൻസ് അനുവദിച്ചിരുന്നു. പ്ലാന്റുകളുടെ നിർമ്മാണ പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 20/30.11.2020) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പ്ലാന്റുകളുടെ നിർമ്മാണ പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം | നൽകിയ അഡ്വാൻസ് | എഗ്രിമെന്റ് നം | റിമാർക്സ് |
|---|---|---|---|
| പിഎച്ച് സി | 125000 | 32/AE/LSGD/APZA/18-19 | ഡി.ഡി. നം. 266255 തീയതി, 18-03-2019 Rs.850000 |
| നല്ലാനിക്കൽ എൽ പി എസ് | 125000 | 31/AE/LSGD/APZA/18-19 | " |
| വലിയഴീക്കൽ എച്ച് | 250000 | 30/AE/LSGD/APZA/18- | ' |

| | | | |
|---|---|---|---|
| എസ് എസ് | | 19 | |
| മംഗലം എൽ പി എസ് | 350000 | 29/AE/LSGD/APZA/18-19 | " |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്തിലെ എൽ.പി. സ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകം, റാക്ക്/അലമാര വാങ്ങി നൽകൽ -കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിച്ചില്ല

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ്

പ്രോജക്ട് നം. 53/18-19

അടങ്കൽ 1,75,000/- (വികസനഫണ്ട്)

ചെലവ്

1,00,000/- (ബിൽ നം.4/18-19/15.2.19)

73,750/- (ബിൽ നം.8/18-19/13.3.19)

പദ്ധതിയുടെ ഭാഗമായി അഞ്ച് സ്കൂളുകൾക്ക് സ്റ്റീൽ അലമാരകളും പുസ്തകങ്ങളും വാങ്ങി നൽകി. കേരളാസ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾക്കായി 1,00,000/- രൂപയും പതിനെട്ട് ഗേജിന്റെ ഗ്ലാസ്സ് ഡോർ അലമാരക്കായി 73,750/- രൂപയും ചെലവഴിച്ചു. രേഖകളുടെ അഭാവത്തിൽ സ്കൂളുകൾക്കായി വാങ്ങാനുദ്ദേശിച്ച ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ സഹിതമാണോ ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമല്ല. കുറഞ്ഞ നിരക്കെന്ന് രേഖപ്പെടുത്തി അനിയൻസ് സ്റ്റീൽ, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് (27.2.19ലെ 1(3)നം തീരുമാനം) വാങ്ങൽ നടത്തിയത്. പങ്കെടുത്ത സ്ഥാപനങ്ങൾ പതിനെട്ട് ഗേജിന്റെ അഞ്ചു തട്ടുള്ള ഗ്ലാസ്സ് ഡോർ അലമാരക്കായി സമർപ്പിച്ച ടെൻഡറുകളിലെ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | നിരക്ക് |
|---|---|---|
| 1. | അനിയൻസ് സ്റ്റീൽസ് | 14750<br><br>(ജി.എസ്.റ്റി ഉൾപ്പെടെ) |
| 2. | ശബരി സ്റ്റീൽസ് | 9487 |
| 3. | അഖിലേശ്വരി സ്റ്റീൽസ് | 15,000/- |

ജി എസ് റ്റി ഉൾപ്പെടെയാണോ ക്രമ നം.2 ലെ സ്ഥാപനം നിരക്ക് രേഖപ്പെടുത്തിയത് എന്നതിൽ വ്യക്തതയില്ല. ജി എസ് റ്റി (18%) കൂടി ഉൾപ്പെടുത്തിയാലും സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം ആകെ വില 55973/- രൂപയാണ്. വാങ്ങിയ ഫർണ്ണിച്ചറുകളുടെ ഗുണനിലവാരം പർച്ചേസ് കമ്മിറ്റി വിലയിരുത്തിയതിന്റെ രേഖകൾ (പർച്ചേസ് കമ്മിറ്റി മിനുട്സ്) ഓഡിറ്റിൽ ഹാജരാക്കിയില്ല. ക്രമ നം.1 സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ചുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലും സ്ഥാപനം നൽകുന്ന ഫർണ്ണീച്ചറുകളുടെ ഗുണനിലവാരത്തെ കുറിച്ച് പരാമർശിച്ചിട്ടില്ല. പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം അനിയൻസ് സ്റ്റീൽ, തൃക്കുന്നപ്പുഴ എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ പരിഗണിക്കാതെയുള്ള വാങ്ങലിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/27.11.2020) മറുപടി ലഭിച്ചില്ല. കുറഞ്ഞ നിരക്കിലുള്ള ടെൻഡർ അംഗീകരിക്കാത്തതുമൂലം അധികം ചെലവഴിച്ച 17,777/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക 27.2.19 ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

| 27.2.19 ലെ കമ്മിറ്റി അംഗങ്ങൾ | വാർഡ് നം. |
|---|---|
| ശ്രീ.വിദ്യാധരൻ | 1 |
| ശ്രീമതി.ശ്രീജാരാമകൃഷ്ണൻ | 3 |
| ശ്രീമതി.അജിത.എസ് | 5 |
| ശ്രീമതി. കുക്കു ഉൻമേഷ് | 7 |
| ശ്രീമതി.റാണി ജയൻ | 8 |
| ശ്രീ. നിധീഷ് സുരേന്ദ്രൻ | 9 |
| ശ്രീ.ശ്യാംകുമാർ.എസ് | 10 |
| ശ്രീ. സദാശിവൻ. എസ്. | 11 |
| ശ്രീമതി. രത്നമ്മ. | 12 |
| ശ്രീ.സുമേഷ്.യു. | 13 |
| ശ്രീ.സുനു | 14 |
| ശ്രീ. അബ്ദുൾ റഷീദ്.കെ.വൈ | 17 |

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മുതുകുളം | 2018-19 | 1000000 | ലൈഫ് ജനറൽ | 1000000 | 0 |
| | | 268650 | സ്കോളർഷിപ്പ് ഫോർ പി എച്ച് | 268500 | 150 |
| | | 300000 | സ്കോളർഷിപ്പ് ഫോർ പി എച്ച് | 0 | 300000 |
| | | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 485781 | ലൈഫ് | 480000 | 5781 |
| | | 482842 | സ്കോളർഷിപ്പ് ഫോർ പി.എച്ച്. | 268500 | 214342 |
| | | 100000 | അംഗനവാടി ന്യൂട്രീഷൻ | 100000 | 0 |
| | | 200000 | മിൽക്ക് ഇൻസെന്റീവ് | 0 | 200000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 101560 | 22343 | 79217 |
| കെ.ഡബ്ല്യു.എ. | എകെജി നഗർ ബോർവെൽ | 660000 | 0 | 660000 |
| പി.ഡബ്ല്യു.ഡി. | അംഗനവാടി നിർമ്മാണം | 358082 | 0 | 358082 |
| ഐ.ആർ.ടി.സി പാലക്കാട് | എയ്റോബിക്ക് കംപോസ്റ്റ് യൂണിറ്റ് | 850000 | 0 | 850000 |

4-3.മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS ഭവനനിർമ്മാണ പദ്ധതി | G.O(RT)no.740/20 lsgd.20.03.10 | 15498000 | 4114515 | 1400000 | 2714515 |
| KURDFC | ഉത്തരവ് വിവരം ലഭ്യമല്ല | - | - | - | 1489315 |

4-5.സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10000000 |
| ആകെ | 10000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമനം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്,ട്രഷറി,പോസ്റ്റോഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | അക്കൌണ്ട് നം. |
|---|---|---|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ആറാട്ടുപുഴ | 16.11.18 | 1.5 വർഷം | 10000000 | രസീത് നം. 263/23.11.18 ആറാട്ടുപുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. എ995 |

4-6. ഓഡിറ്റ് റിക്കവറി

ഇല്ല

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-32 | 2012-13 | | സമ്പൂർണ്ണ ഊർജ്ജസൂത്രണം ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്നു വാങ്ങൽ പദ്ധതി നിർവ്വഹണ തുക | ലഭ്യമല്ല |
| 2009-10 | 3-12 | | | | |
| 2010-11 | 3-15 | | | | |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99465574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83521935 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 17777 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1277730 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

3-1 17777 സജീദ.എസ്, എച്ച്.എം, 27.02.2019ലെ പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2,36,500 | ശ്രീമതി.അജ്മി.എച്ച്, കൃഷി ഓഫീസർ |
| 1-19 | 3,30,000 | ശ്രീമതി.അജ്മി.എച്ച്, കൃഷി ഓഫീസർ |
| 1-20 | 50,000 | ശ്രീമതി.ലീന ഡെന്നീസ്,<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-22 | 43,000 | സ്വാഹിനി.എസ്.എസ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-23 | 1,79,550 | ശ്രീമതി.സജീദ.എസ്, എച്ച് എം |
| 1-28 | 1,26,180 | ഡോ.നൃപുര, മെഡിക്കൽ ഓഫീസർ |
| 1-31 | 3,12,500 | ഡോ.ബിനിൽ.ബി.ചന്ദ്രൻ,<br>വെറ്ററിനറി സർജ്ജൻ |
| ആകെ | 1277730 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജ്മി.എച്ച്. | കൃഷി ഓഫീസർ, തഴവ, കൊല്ലം | ജുബൈരിയ മൻസിൽ,<br>പട നോർത്ത്.പി.ഒ. |
| ലീന ഡെന്നീസ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ, ആറാട്ടുപുഴ | പുത്തൻവെളിയിൽ ഹൗസ്,<br>എസ്.എൻ.പുരം.പി.ഒ.<br>കഞ്ഞിക്കുഴി, ചേർത്തല |
| സജീദ.എസ്. | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ് മംഗലം | ഒറ്റപ്പനയ്ക്കൽ,ചിങ്ങോലി.പി.ഒ,<br>എൻ.ടി.പി.സി.ജംഗ്ഷൻ<br>ചിങ്ങോലി |
| | | |

| | | |
|---|---|---|
| സ്വാഹിനി.എസ്.എസ് | ഐസിഡിഎസ് സൂപ്പർവൈസർ കണ്ടല്ലൂർ | ഐശ്വര്യ, മുതുകുളം |
| ഡോ.നൂപുര | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആറാട്ടുപുഴ | തെക്കേപ്പുറത്ത്, മംഗലം.പി.ഒ, ആറാട്ടുപുഴ |
| ഡോ.ബിനിൽ.ബി.ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ, ആറാട്ടുപുഴ | സദനം, മുതുകുളം.പി.ഒ, ആലപ്പുഴ |
| വിദ്യാധരൻ | വാർഡ് മെമ്പർ | സനൽ ഭവനം, മംഗലം.പി.ഒ. ആറാട്ടുപുഴ |
| ശ്രീജ രാമകൃഷ്ണൻ | വാർഡ് മെമ്പർ | പുത്തൻവീട്ടിൽ, മുതുകുളം സൗത്ത്.പി.ഒ. |
| അജിത.എസ് | പ്രസിഡന്റ് | ശ്രീനാരായണ ഭവനം, കണ്ടല്ലൂർ സൗത്ത്.പി.ഒ, ആറാട്ടുപുഴ |
| കുക്കു ഉമേഷ് | വാർഡ് മെമ്പർ | കൊച്ചുപുരയിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| റാണി ജയൻ | വാർഡ് മെമ്പർ | കല്ലാശ്ശേരിൽ, തറയിൽ കടവ്, വലിയഴീക്കൽ.പി.ഒ. |
| നിധീഷ് | വാർഡ് മെമ്പർ | തങ്കശ്ശേരിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| ശ്യാംകുമാർ.എസ്. | വാർഡ് മെമ്പർ | വെട്ടുതറ പടീറ്റതിൽ, പെരുമ്പള്ളി, വലിയഴീക്കൽ.പി.ഒ. |
| സദാശിവൻ.എസ്. | വാർഡ് മെമ്പർ | മണ്ണേൽ, വട്ടച്ചാൽ, ആറാട്ടുപുഴ |
| രത്നമ്മ | വാർഡ് മെമ്പർ | ആല്യംമൂട്ടിൽ, നല്ലാനിക്കൽ, ആറാട്ടുപുഴ |
| സുമേഷ്.ജി. | വാർഡ് മെമ്പർ | മുട്ടേൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| സുനു | വാർഡ് മെമ്പർ | വല്ലിയിൽ, കള്ളിക്കാട്, ആറാട്ടുപുഴ |
| അബ്ദുൾ റഷീദ്.കെ.വൈ. | വാർഡ് മെമ്പർ | കുനാംപറമ്പിൽ, ആറാട്ടുപുഴ.പി.ഒ. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| | |

| | |
|---|---|
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി13-1448/16, തീയതി.17.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി13-746/2017 തീയതി. 19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി13-1657/2018 തീയതി. 05.01.2019 |

..

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ വിധത്തിൽ പ്രതിനിധാനം ചെയ്യുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ